⇨ *പ്രഥമ തീരദേശ സംരക്ഷണ സമിതി രൂപീകരിച്ചതും അദ്ദേഹം തന്നെ* ⇨

*"ഒരു പുരോഗമന സാഹിത്യകാരനായ തകഴിയുടെ ചെമ്മീൻ അരയന്മാരുടെ ഇടയിൽ ഉണ്ടെന്നുപറയുന്ന അന്ധവിശ്വാസവും ഐതിഹ്യവും യഥാർത്ഥീകരിക്കുകയാണ്, അതിനെ ഇന്നത്തെ പുതുതലമുറയുടെ തലയിലും അടിച്ചേൽപ്പിക്കുകയാണ്, അവയിൽ ഒരു ചെമ്പൻകുഞ്ഞും കറുത്തമ്മയും ഉണ്ടാകാൻ പാടില്ലെന്ന് സ്ഥാപിക്കുകയാണ് ചെയ്യുന്നത്. ഇത് അരയസമുദായത്തിന് എന്തു ഗുണമാണ് വരുത്തിവെക്കാൻ പോകുന്നതെന്ന് തകഴിതന്നെ പറയേണ്ടിയിരിക്കുകയാണ്. നിഷ്പ്രയോജകത്വംകൊണ്ട് ഏറ്റവും അധപതിതമാണ് ഈ നോവൽ. കടലിനകത്തൊരു കടലമ്മയുണ്ടെന്നും അവർക്കെതിരായി അശുദ്ധംപാലിക്കുന്ന മുക്കോത്തികളെയും മാമൂലിനെതിരായി വള്ളവും വലയും നടത്തുന്ന മുക്കുവരെയും ആ ദേവി നശിപ്പിക്കുമെന്ന് താൻ വിശ്വസിക്കുന്നുവെന്നും തകഴി ഏറ്റുപറയുന്നതുവരെ ഈ നോവൽ അദ്ദേഹത്തിൻെറ പരാജയവൈജയന്തിയാണ്"...*

*('തകഴിയുടെ ചെമ്മീൻ-ഒരു നിരൂപണം', 1956)*

പടിഞ്ഞാറൻ തീരത്തെ സമ്പന്നമായ കരിമണൽ നിക്ഷേപങ്ങൾക്ക് മേൽ വന്നിറങ്ങുന്ന വ്യാവസായിക താത്പര്യങ്ങൾ അനുദിനം കൂടുകയാണ്. കരിമണൽ ഖനനം സ്വകാര്യമേഖലയ്ക്ക് അനുവദിച്ചുകിട്ടാനുള്ള കുത്സിതനീക്കങ്ങൾ സജീവം. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന ഖനനത്താൽ തീരം കടലെടുത്തുകൊണ്ടേയിരിക്കുന്നു. ഖനനാനുബന്ധ വ്യവസായ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണം അതിലും അതിരൂക്ഷം. കരിമണൽ കള്ളക്കടത്തെന്ന കുപ്രചരണവും ചില വസ്തുതകളും...സങ്കീർണ്ണമാകുന്ന ഖനനമേഖലയിലേക്ക്, സ്വകാര്യ ഖനനത്തിന്റെ പക്ഷം ചേരുന്ന പെയ്ഡ് ന്യൂസുകളുടെ മറുപുറം തേടി...

# ഈ കടൽഭിത്തിക്കപ്പുറം പണ്ടൊരു കരയുണ്ടായിരുന്നു

കരിമണൽ ഖനനം ചെയ്തെടുക്കുന്ന രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ തകർത്തുകളഞ്ഞ തീരദേശ ഗ്രാമങ്ങൾക്കും പറയാനുണ്ട് ചില കഥകൾ. സാമ്പത്തിക ലാഭത്തിന്റേതല്ല, കടലോര സംസ്കാരത്തിന്റെ, സാമൂഹിക ജീവിതത്തിന്റെ കഥകൾ.

**കേരളീയം വാർത്താശൃംഖല**

തകഴിയുടെ പ്രശസ്ത നോവലായ ചെമ്മീൻ പുരോഗമന പക്ഷത്ത് നിൽക്കുന്ന കൃതിയല്ലെന്ന് 'തകഴിയുടെ ചെമ്മീൻ-ഒരു നിരൂപണം' എന്ന ഗ്രന്ഥത്തിലൂടെ വിശദമാക്കി സാഹിത്യലോകത്തെ ഞെട്ടിച്ച ഡോ. വി. വി.വേലുക്കുട്ടി അരയൻ കുറിച്ച വരികളാണിത്. അരയജീവിതത്തിന്റെ അഭിവാജ്യഘടകമായ കടലിനെയും കടലോരജീവിതത്തെയും തീർത്തും സാങ്കൽപ്പികമായി സമീപിക്കുമ്പോഴുണ്ടാകുന്ന സത്യനഷ്ടങ്ങളെ വേലുക്കുട്ടി അരയൻ ഈ കൃതിയിൽ വിമർശന വിധേയമാക്കുന്നു. തീരജനതയുമായി അഭേദ്യമായി ആത്മബന്ധം പുലർത്തിയിരുന്ന അദ്ദേഹമാണ് മത്സ്യത്തൊഴിലാളുടെ സംഘടിത ഇടപെടലുകൾക്ക് കേരളത്തിൽ ആദ്യമായി തുടക്കം കുറിച്ചത്. തീരപരിസ്ഥിതിയുടെ സംരക്ഷണത്തിനായി പ്രഥമ തീരദേശ സംരക്ഷണ സമിതി രൂപീകരിച്ചതും അദ്ദേഹം തന്നെ. പക്ഷെ സ്വന്തംനാട് കരിമണൽ ഖനനത്താൽ കടലെടുത്ത് പോകുമെന്നും സ്വസമുദായം പാരിസ്ഥിതിക ദുരന്തത്തിന്റെ അഭയാർത്ഥികളാകുമെന്നും അരയസമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച ഈ നവോത്ഥാന നായകൻ കരുതിയിട്ടുണ്ടാകില്ല. അതെ, കൊല്ലം ജില്ലയിലെ കരുനാഗപ്പിള്ളിക്കടുത്തുള്ള ആലപ്പാട് എന്ന കടലോരഗ്രാമത്തിൽ ജനിച്ച വേലുക്കുട്ടി അരയന്റെ



ഫോട്ടോ: നബിൽ

കടലുകയറിക്കൊണ്ടിരിക്കുന്ന ഖനന മേഖലയായ വെള്ളനാതുരുത്ത്

നാട് നാളുകളായി കടലെടുത്തുകൊണ്ടിരിക്കുകയാണ്.

കൊല്ലം ജില്ലയിലെ നീണ്ടകരയ്ക്കും ആലപ്പുഴ ജില്ലയിലെ കായംകുളം പൊഴിക്കും ഇടയിലുള്ള 22 കിലോമീറ്റർ കടൽത്തീരത്തെ സമ്പന്നമായ കരിമണൽ നിക്ഷേപം ഖനനം ചെയ്തെടുത്തുകൊണ്ടിരിക്കുന്ന കമ്പനികൾ ഒരു ദേശത്തിന്റെ ഭൂപടത്തിൽ കര മാറ്റി കടൽ വരച്ചുചേർത്തിരിക്കുന്നു. ഒരുകാലത്ത് തീരത്തിന്റെ ജൈവതാളത്തെ നിർണ്ണയിച്ചിരുന്ന മണൽപ്പരപ്പുകൾ ഇന്ന് ആലപ്പാടിന്റെ തീരങ്ങളിൽ കാണാനേയില്ല. ഇവിടെ കടലിന് കരയുമായി അതിരുവരയ്ക്കുന്നത് ഇപ്പോൾ കരിങ്കൽ ഭിത്തികളാണ്. പാറക്കല്ലുകളുടെ പ്രതിരോധത്തെ കീറിമുറിച്ചുകൊണ്ട് തിരമാലകൾ ഇടയ്ക്ക് രൗദ്രതയോടെ കടന്നുവരാറുണ്ട്. കമ്പാവല വലിച്ചിരുന്ന പ്രായമേറിയ മത്സ്യത്തൊഴിലാളികളും കക്കയും ഞണ്ടും പൊടിക്കൊഞ്ചുമെല്ലാം കടലോരത്ത് നിന്നും പിടിച്ചിരുന്ന ദേശക്കാരും പരമ്പരാഗത ഉപജീവനരീതികളിൽ നിന്നും പിൻവലിഞ്ഞിരിക്കുന്നു. മത്സ്യബന്ധനം കടലിനെ മാത്രമല്ല, തീരത്തെക്കൂടി ആശ്രയിച്ചുള്ള ഉപജീവന മാർഗ്ഗമായതിനാൽ കടലുകൊണ്ടുപോയ ക്ഷതം പറഞ്ഞറിയിക്കാനാകാത്തതാണ്. ആലപ്പാടിന്റെ തീരത്തുടനീളം ഉയർന്നിരിക്കുന്ന കടൽഭിത്തികൾക്കിപ്പുറം എപ്പോൾ വേണമെങ്കിലും ഭാവം മാറാവുന്ന ഒരു കടലിരമ്പലിന് കാതോർത്ത് ഒരു ജനത ജീവിതം തുടരുകയാണ്.

ഒരുവശത്ത് കയറിക്കൊണ്ടിരിക്കുന്ന കടൽ, മറുകരയിൽ വട്ടക്കായൽ എന്നറിയപ്പെടുന്ന പഴയ ജലപാത. അതിനിടയിലായി പ്രാണൻ നേർത്തുകൊണ്ടിരിക്കുന്ന ചെറുദ്വീപായി ചുരുങ്ങുകയാണ് ആലപ്പാട്. കടൽക്കരയിൽ വള്ളങ്ങളെത്തിക്കുന്ന മീനുകൾ കൊട്ടയിലാക്കി ആലപ്പാട്ടെ വിവിധ അങ്ങാടികളിലേക്ക് ഏറെദൂരം തലച്ചുമടായി നടന്നുകൊണ്ടുപോയിരുന്ന കഥകൾ നാട്ടുകാർ പലരും ഇന്നും ഓർക്കുന്നു. ഭാരം വഹിച്ചുള്ള യാത്രയിൽ താങ്ങായിരുന്ന ചുമടുതാങ്ങികൾ പോലും ഇന്ന് കടലിനടിയിലെവിടെയോ ആണ്. തീരത്തേക്ക് ഏറെദൂരം നടന്നുപോയിരുന്നു എന്ന് പറഞ്ഞാൽ ഇപ്പോൾ ആലപ്പാട് എത്തുന്നവരാരും വിശ്വസിക്കാൻ മടിക്കും. ഒരുവശത്ത് കടലും മറുവശത്ത് കായലും കാണാവുന്ന വിധം ചെറിയൊരു നാടപോലുള്ള ഈ സ്ഥലത്ത് ഇത്രയേറെ കരയുണ്ടായിരുന്നോ എന്ന് അത്ഭുതപ്പെടുന്നതിൽ അസ്വാഭാവികതയില്ല. കടലിനും കായലിനും ഇടയിൽ

50 മീറ്റർ പോലും വീതിയില്ലാത്ത പ്രദേശങ്ങളാണ് ഇന്ന് ഇവിടെ ഏറെയും. ധാതുമണലെന്ന അതിസമ്പന്ന വ്യാവസായിക വിഭവം പ്രകൃത്യാലുള്ളതുകൊണ്ട് അതിദരിദ്രമായിത്തീർന്ന ഒരുനാട്. ഖനനം നിർബാധം തുടരുന്ന രണ്ട് പൊതുമേഖലാ കമ്പനികളും ഖനനതാത്പര്യത്താൽ വട്ടമിട്ട് പറക്കുന്ന സ്വകാര്യരും ഈ നാടിന് ഇനിയും ഇതിലുമേറെ ദുരിതങ്ങൾ നൽകാനുള്ള തയ്യാറെടുപ്പിലാണ്.

## കരിമണൽ ചരിതം

ഭൂവൽക്കത്തിൽ കാണപ്പെടുന്ന പ്രാകൃതിക പദാർത്ഥമായ ധാതുക്കൾ വ്യാവസായിക പ്രക്രിയയിലെ അസംസ്കൃത വസ്തുവായി മാറിയതോടെയാണ് ഖനനം സാർവ്വത്രികമാകുന്നത്. തീവ്രവ്യവസായവത്കരണമാണ് വികസനമെന്ന് തീരുമാനിച്ച ദേശീയ ഭരണകൂടങ്ങളെല്ലാം അമൂല്യനിധിയായി കണ്ട് ധാതുക്കൾ കുഴിച്ചെടുക്കാൻ തുടങ്ങിയതോടെ തദ്ദേശീയ ജനതകൾ ലോകത്തെമ്പാടും ഛിന്നഭിന്നമാകാൻ തുടങ്ങി. കേരളത്തിന്റെ തീരത്തെ കരിമണൽ ഖനന പ്രദേശത്തും സംഭവിച്ചത് അതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വിദേശികളായിത്തുടങ്ങിയ ഖനനം സ്വാതന്ത്ര്യാനന്തരം പൊതുമേഖലാ സ്ഥാപനങ്ങളാലും തുടർന്നതോടെ തൊഴിലെടുത്ത് ജീവിച്ചിരുന്ന പരമ്പരാഗത മേഖലകൾ നഷ്ടമായ കഥയാണ് കൊല്ലം ജില്ലയുടെ വടക്കൻ തീരപ്രദേശങ്ങൾക്ക് പറയാനുള്ളത്. ജില്ലയിലെ തെക്കുംഭാഗം, ചവറ, പന്മന, ആഴീക്കൽ, ആലപ്പാട് പ്രദേശങ്ങളിൽ നിന്നായി ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (ഐ.ആർ.ഇ), കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ കരിമണൽ ഖനനം ചെയ്തുകൊണ്ടിരിക്കുന്നത്. പാരിസ്ഥിതിക മാനദണ്ഡങ്ങളൊന്നും പാലിക്കാതെയും തദ്ദേശീയരുടെ സാമൂഹികാവശ്യങ്ങൾ പരിഗണിക്കാതെയും നടക്കുന്ന ഈ ഖനനത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ പോലും വ്യാവസായിക വക്താക്കളായ ഭരണാധികാരികൾ തയ്യാറായിട്ടില്ല. 1962ലെ അണുശക്തി നിയമത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും പൊതുമേഖലയിലായിരുന്ന കരിമണൽ ഖനന വ്യവസായം 1991ലെ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി സ്വകാര്യമേഖലയ്ക്കുകൂടി തുറന്നുകൊടുത്തു. അതോടെ കൊല്ലത്തിന്റെ പടിഞ്ഞാറൻ തീരത്തെ കരിമണൽ പ്പരപ്പിൽ സ്വകാര്യഭീമന്മാരും കണ്ണുവയ്ക്കാൻ തുടങ്ങി. 1998ൽ കേന്ദ്രസർക്കാർ വിദേശപങ്കാളിത്തവും അനുവദിച്ചതോടെ കരിമണലിലേക്ക് എത്തുന്ന മൂലധന താത്പര്യങ്ങൾ രാജ്യാതിർത്തികളും കടന്നു. കേരള സർക്കാർ സ്വകാര്യമേഖലയിൽ ഖനനം അനുവദിക്കാത്തതിനാൽ ഇതുവരെ സ്വകാര്യകമ്പനികൾക്കൊന്നും കേരള തീരത്ത് ആധിപത്യമുറപ്പിക്കാൻ സാധിച്ചിട്ടില്ല. ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തെത്തുടർന്ന് കൈക്കൊണ്ട തീരുമാനമാണെങ്കിലും കരിമണൽ ഖനനരംഗത്ത് സ്വകാര്യകമ്പനികളെ കൊണ്ടുവരണമെന്ന താത്പര്യം (വികസനം+സാമ്പത്തികലാഭം) ഭരണാധികാരികളെ വിട്ടൊഴിഞ്ഞിട്ടില്ല. അതു കൊണ്ടുതന്നെ കൊല്ലം, ആലപ്പുഴ ജില്ലയിലെ തീരജനതയുടെ മേൽ ഇപ്പോഴും ആ ഭീഷണി ഒഴിയാതെ നിൽക്കുന്നുമുണ്ട്.

കൊച്ചി കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ് (സി.എം.ആർ.എൽ), തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ പ്രവർത്തിക്കുന്ന വി.വി മിനറൽ എന്നീ രണ്ട് സ്വകാര്യ കമ്പനികളാണ് നിലവിൽ കേരളത്തിന്റെ സ്വകാര്യമേഖലാ ഖനനവിരുദ്ധ നയം തിരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഖനന മേഖലയിലുള്ള രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തും, മാധ്യമങ്ങളെ സ്വാധീനിച്ച് കപടവാർത്തകൾ ചമച്ചും, പരിസ്ഥിതി പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കിയും, ട്രേഡ് യൂണിയൻ പ്രവർത്തകരെ വിലയ്ക്കെടുത്തും സ്വകാര്യ ലോബികൾ കരിമണൽ ഖനനത്തിനുള്ള അനുമതി തങ്ങൾക്ക് ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കിയിരിക്കുകയാണ്.

## നിലവിലെ ഖനനം

കറുത്ത നിറത്തിൽ കാണപ്പെടുന്ന കരിമണ

ഖനന മേഖലയിലുള്ള രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തും, മാധ്യമങ്ങളെ സ്വാധീനിച്ച് കപടവാർത്തകൾ ചമച്ചും, പരിസ്ഥിതി പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കിയും, ട്രേഡ് യൂണിയൻ പ്രവർത്തകരെ വിലയ്ക്കെടുത്തും സ്വകാര്യ ലോബികൾ കരിമണൽ ഖനനത്തിനുള്ള അനുമതി തങ്ങൾക്ക് ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കിയിരിക്കുകയാണ്

ൽ ജെ.സി.ബി ഉപയോഗിച്ച് കുഴിച്ചെടുത്ത് അതിൽ നിന്നും ധാതുക്കൾ-പ്രധാനമായും ഇൽമനൈറ്റും മോണോസൈറ്റും-വേർതിരിച്ചെടുക്കുന്ന ജോലിയാണ് ഐ.ആർ.ഇയും കെ.എം.എം.എല്ലും ചെയ്യുന്നത്. വേർതിരിച്ചെടുക്കുന്ന ഇൽമനൈറ്റ് സിന്തറ്റിക് റൂട്ടെയിലിന്റെയും (സമ്പുഷ്ട ഇൽമനൈറ്റ്), ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന്റെയും ഉത്പാദനത്തിനായാണ് കെ.എം.എം.എൽ മുഖ്യമായും ഉപയോഗിക്കുന്നത്. ധാതുക്കൾ വേർതിരിക്കുമ്പോൾ ലഭിക്കുന്ന മോണോസൈറ്റ് അണുശക്തി രംഗത്ത് ഉപയോഗിക്കുന്ന ധാതു ആയതിനാൽ അത് ഐ.ആർ.ഇക്ക് നൽകുന്നു. ഐ.ആർ.ഇ ഖനനം ചെയ്തെടുക്കുന്ന കരിമണലിൽ നിന്നും അവർ ഇൽമനൈറ്റ് വേർതിരിച്ചെടുത്ത് സ്വകാര്യ കമ്പനികൾക്ക് വിൽക്കുകയും മോണോസൈറ്റ് ആണവ മേഖലയ്ക്കാവശ്യമായ തോറിയത്തിന്റെ നിർമ്മാണത്തിനായി ആലുവയിലെ ഐ.ആർ.ഇ പ്ലാന്റിലേക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്. സി.എം.ആർ.എൽ ഉൾപ്പെടെയുള്ള സ്വകാര്യകമ്പനികൾക്ക് ഇൽമനൈറ്റ് നൽകുന്നത് ഐ.ആർ.ഇയാണ്. (ഐ.ആർ.ഇയുടെ പക്കൽ നിന്നും ഇൽമനൈറ്റ് വാങ്ങി വ്യവസായരംഗത്ത് പിടിച്ചുനിൽക്കാൻ കഴിയില്ല എന്നതാണ് സി.എം.ആർ.എൽ സ്വകാര്യ ഖനനാനുമതിക്കായി ഉന്നയിക്കുന്ന വാദം). പെയ്ന്റ്, തുണിത്തരങ്ങൾ, പ്ലാസ്റ്റിക്ക്, റബ്ബർ ഉത്പന്നങ്ങൾ, കടലാസ് തുടങ്ങിയ സാധാരണ ഉത്പന്നങ്ങൾ മുതൽ വിമാനങ്ങൾ, ബഹിരാകാശ വാഹനങ്ങൾ, യുദ്ധോപകരണങ്ങൾ എന്നിവയും നിർമ്മാണ പ്രക്രിയയിൽ ഉപയോഗിക്കുന്ന ഒരു അസംസ്കൃത വസ്തുവായ ടൈറ്റാനിയം ലോഹത്തിന്റെ അയിരുകൾ ഇൽമനൈറ്റിലുണ്ട്. അതാണ് അതിന്റെ വ്യാവസായിക പ്രാധാന്യവും. തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി) എന്ന പൊതുമേഖലാ സ്ഥാപനവും കൊല്ലത്ത് നിന്നുള്ള ധാതുമണൽ നിക്ഷേപത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. (അവർ നേരിട്ട് ഖനനം ചെയ്യുന്നില്ല). ലോക വിപണിയിൽ വലിയ വിലയാണ് സമ്പുഷ്ട ഇൽമനൈറ്റിന് ലഭിക്കുന്നത്. വീണ്ടും മൂല്യവർദ്ധനവിലൂടെ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് നിർമ്മിക്കുകയാണെങ്കിൽ ടണ്ണിന് 2,12,000 രൂപ അന്താരാഷ്ട്ര കമ്പോളത്തിൽ ലഭിക്കും. അതുതന്നെയാണ് സ്വകാര്യകമ്പനികൾ വിഷയം വിടാതെ പിടിച്ചിരിക്കുന്നതിനും കാരണം.

### സ്വകാര്യ ഇടപെടലുകൾ

2014 ആഗസ്റ്റ് 6, 8 തീയതികളിൽ ചവറയിലെ കെ.എം.എം. എൽ പ്ലാന്റിൽ നിന്നും വാതകച്ചോർച്ചയുണ്ടാവുകയും സമീപപ്രദേശത്തുള്ള നാല് സ്കൂളിലെ കുട്ടികൾക്ക് ദേഹാസ്വസ്ഥ്യം ഉണ്ടാവുകയും ചെയ്തതോടെയാണ് കരിമണൽ ഖനനവും വ്യവസായവും വീണ്ടും വാദപ്രതിവാദങ്ങളാൽ സജീവമാകുന്നത്. കരിമണൽ ഖനനത്തിനുള്ള അനുമതിക്കായി സ്വകാര്യമേഖലാ വ്യവസായികൾ കിണഞ്ഞു പരിശ്രമിക്കുന്നതിനിടയിലാണ് കെ.എം.എം.എല്ലിൽ ഈ സംഭവങ്ങൾ അരങ്ങേറുന്നത്. വാതകച്ചോർച്ചയുമായി ബന്ധപ്പെട്ട് നിരവധി ദുരൂഹതകൾ ഉന്നയിക്കപ്പെട്ടിട്ടും അന്വേഷണങ്ങൾ എങ്ങുമെത്താതെ നിലച്ചുപോവുകയാണുണ്ടായത്.

1995ൽ കേരള റെയർ എർത്ത്സ് ആന്റ് മിനറൽ ലിമിറ്റഡ് (കെ.ആർ.എം.എൽ) എന്ന പേരിൽ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് കമ്പനി രൂപീകരിച്ച് ആറാട്ടുപുഴ-തൃക്കുന്നപ്പുഴ തീരങ്ങളിൽ നിന്നും കരിമണൽ ഖനനം ചെയ്യുന്നതിനുള്ള ശ്രമം സി.എം.ആർ.എൽ നടത്തിയിരുന്നു. ജനങ്ങളുടെ നീണ്ടുനിന്ന സമരത്തെത്തുടർന്ന് സർക്കാർ അന്ന് അനുമതി നൽകുന്നതിൽ നിന്നും പിൻവലിഞ്ഞെങ്കിലും സി.എം.ആർ.എൽ ഇപ്പോഴും സജീവമായി മുന്നോട്ട് പോവുകയാണ് എന്നതാണ് സമീപകാല സംഭവികാസങ്ങൾ വ്യക്തമാക്കുന്നത്. ഐ.ആർ.ഇയിൽ നിന്നും വേണ്ടത്ര ഇൽമനൈറ്റ് ലഭിക്കുന്നില്ലെന്നും സ്വന്തമായി ഖനനത്തിന് അനുമതി ലഭിച്ചില്ലെങ്കിൽ വ്യവസായം തകരുമെന്നുമുള്ള വാദം ചില മാധ്യമങ്ങളെ വിലയ്ക്കെടുത്തുകൊണ്ട് ഏറെക്കാലമായി സി.എം.ആർ.എൽ ഉന്നയിക്കുന്നുണ്ട്. സി.എം.ആർ.എല്ലിന് ഖനനാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് 2013 നവംബർ 6ന് ട്രേഡ് യൂണിയനുകൾ സംയുക്തമായി സെക്രട്ടേറിയറ്റ് മാർച്ചും നടത്തിയിരുന്നു. ആ മാർച്ച് ഉദ്ഘാടനം ചെയ്ത മുൻ വ്യവസായ മന്ത്രിയും സി.ഐ.ടി.യു ദേശീയ നേതാവുമായ എളമരം കരീം 2013 ഡിസംബർ 4ന് കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് പൊതുമേഖലാ ട്രേഡ് യൂണിയനുകൾ നടത്തിയ മാർച്ചിലും പങ്കെടുത്തിരുന്നു. (പിണറായി വിജയനാണ് ആ മാർച്ച് ഉദ്ഘാടനം ചെയ്തത്). പൊതുസമൂഹത്തെ ആശയക്കുഴപ്പത്തിലാക്കും വിധം രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകൾ ഈ വിഷയത്തിൽ മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്.

ആഗോളവത്കരണത്തിന്റെ ഭാഗമായുള്ള സർക്കാർ നയംമാറ്റങ്ങൾ എങ്ങനെയാണ് പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്നത് എന്നതിന്റെ ഉദാഹരണങ്ങളായി മാറുകയാണ് കെ.എം.എം.എല്ലും ഐ.ആർ.ഇയും. സ്വകാര്യകമ്പനിക്ക് ലാഭം വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ കൂടുകയും ചെയ്യുന്നു. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം മുരടിപ്പിച്ചുകൊണ്ടാണ് സ്വകാര്യമേഖലയ്ക്ക് സർക്കാർ പരവതാനി വിരിക്കുന്നതെന്ന് സംശയിച്ചുപോകുന്ന തരത്തിലുള്ള ഇടപെടലുകളാണ് കെ.എം.എം.എല്ലിലും ഐ.ആർ.ഇയിലും നടക്കുന്നത്. കരിമണൽ മൂല്യവർദ്ധനയ്ക്ക് സ്വകാര്യ നിക്ഷേപകരെ പിന്തുണയ്ക്കുമെന്ന് അടുത്തിടെ പ്രഖ്യാപിച്ച ഉമ്മൻ ചാണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് മൗനം പാലിക്കുന്നു. മാത്രമല്ല കെ.എം.എം.എൽ കമ്പനി കാരണമുള്ള അപകടകരമായ മലിനീകരണത്തിനെതിരെ നാളുകളായി അന്നാട്ടുകാർ സമരത്തിലാണ്. അയൺ ഓക്സൈഡ് ഉൾപ്പെടെയുള്ള മാരകമായ മാലിന്യങ്ങൾ ചോർന്നൊലിച്ച് കുടിവെള്ളവും ആരോഗ്യവും നഷ്ടമായതിനെ തുടർന്ന് ഉയർന്നുവന്ന ഈ സമരത്തിനെ ഭരണാധികാരികളും രാഷ്ട്രീയ പാർട്ടികളും കെ.എം.എം.എൽ മാനേജ്മെന്റും ഇനിയും പരിഗണിച്ചിട്ടില്ല. 2004ൽ അപകടകരമായ മാലിന്യങ്ങളെ സംബന്ധിച്ച നിയമം നടപ്പിലാക്കുന്നതിന് വേണ്ടി സുപ്രീം കോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി കെ.എം.എം.എൽ സന്ദർശിക്കുകയും ഗുരുതരമായ ഭൂഗർഭജല മലിനീകരണമുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തുകയും സമീപവാസികൾക്ക് സൗജന്യമായി കുടിവെള്ളം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ പോലും കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകുന്നില്ല. ആലപ്പുഴയിലെ ആറാട്ടുപുഴ തീരം സ്വകാര്യകരിമണൽ ഖനനത്തിന് കൈമാറുന്നതിനെ ചെറുത്തു തോൽപ്പിച്ച ജനകീയ സമരത്തിന് പല പ്രമുഖ രാഷ്ട്രീയ നേതാക്കളുടെയും പിന്തുണയുണ്ടായിരുന്നു. പക്ഷെ അവരെല്ലാം ഐ.ആർ.ഇയും കെ.എം.എം.എല്ലും നാളുകളായി നടത്തുന്ന ഖനനത്തിന്റെ പ്രശ്നങ്ങളെ തീർത്തും അവഗണിക്കുകയാണ്.



### ബഹുവിധ പ്രശ്നങ്ങൾ

ഖനന നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിയാണ് ഈ പൊതുമേഖലാ സ്ഥാപനങ്ങൾ ഖനനം തുടരുന്നത്. ഭൂമിശാസ്ത്രപരമായി വളരെ ഇടുങ്ങിയ നാട പോലെയുള്ള തീരപ്രദേശത്താണ് പാരിസ്ഥിതിക മാനദണ്ഡങ്ങളൊന്നും പാലിക്കാതെയുള്ള ഖനനം നാല് പതിറ്റാണ്ടുകളായി തുടരുന്നത്. കടലും കായലും എപ്പോൾ വേണമെങ്കിൽ ഒന്നായിത്തീരാവുന്ന വിധം ഈ പ്രദേശങ്ങളുടെ വീതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പലയിടത്തും പൊഴി മുറിഞ്ഞ് കടൽ കായലിലേക്ക് കയറുന്നത് പതിവായിരിക്കുന്നു. ആഗോളതാപനം ഉൾപ്പെടെയുള്ള കാരണങ്ങളാൽ കടൽനിരപ്പ് ഉയരുകയും കടൽ കരയിലേക്ക് കയറുകയും ചെയ്യുന്ന സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് ഈ ഖനനത്തിന്റെ പ്രശ്നത്തെ വിലയിരുത്താൻ കഴിയേണ്ടതുണ്ട്. 1887നും 1997നും ഇടയിലുള്ള 110 വർഷത്തിനിടയിൽ കൊല്ലം ജില്ലയിലെ ഖനനപ്രദേശത്ത് നിന്നും 177.04 ഹെക്ടർ ഭൂമി കടലെടുത്ത് പോയിട്ടുണ്ടെന്ന് ആറ്റോമിക് മിനറൽ ഡയറക്ട്രേറ്റ് ഫോർ എക്സ്പ്ലൊറേഷൻ ആന്റ് റിസർച്ച് തന്നെ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

സ്വകാര്യലോബികൾ ഖനനത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ-തൃക്കുന്നപ്പുഴ തീരത്തും സമാന രീതിയിലുള്ള ഭൂപ്രകൃതിയാണുള്ളത്. തീര

ത്ത് നടക്കുന്ന ഖനന പ്രവർത്തനം കടൽനിരപ്പ് ഉയരുന്നതിന്റെ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കും എന്നതിന്റെ പ്രത്യക്ഷ തെളിവായി മാറിയിരിക്കുകയാണ് ആലപ്പാട് പഞ്ചായത്ത്. നീണ്ടകരയ്ക്കും തൃക്കുന്നപ്പുഴയ്ക്കും ഇടയിൽ തീരം നഷ്ടമാകുന്നത് ഖനനം കാരണമാണെന്ന് പല വിദഗ്ധ പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. തിരമാലകൾ കൊണ്ടുപോവുകയും കൊണ്ടുവരുകയും ചെയ്യുന്ന സന്തുലനാവസ്ഥയിലുള്ള മണൽ നിക്ഷേപമാണ് കടൽത്തീരത്ത് സ്വാഭാവികമായും ഉണ്ടാകാറുള്ളത്. തീരത്ത് ഖനനം തുടങ്ങിയതോടെ ഈ സ്വാഭവിക പ്രക്രിയയുടെ താളംതെറ്റി. തീരത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടന ഖനനം മൂലം മാറിയതോടെ കരയിലേക്ക് മണൽനിക്ഷേപിക്കാൻ കടലിന് കഴിയാതാവുകയും തീരം ഒലിച്ചുപോകാൻ തുടങ്ങുകയും ചെയ്തു. സമീപപ്രദേശങ്ങളിലെല്ലാം കടലാക്രമണം രൂക്ഷമാകുന്നതിന് തീരമിടിച്ചിൽ കാരണമായിത്തീർന്നു. ഖനനം തുടർന്നാൽ കായലും കടലും ഒന്നാകുന്ന സ്ഥിതിയാകും ഭാവിയിൽ സംജാതമാകാൻ പോകുന്നത്. തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം (സി.ആർ.ഇസഡ്) ഖനനം ഒഴികെയുള്ള നിർമ്മാണ-വ്യാവസായ പ്രവർത്തനങ്ങളെ മാത്രമാണ് തീരത്ത് നിരോധിച്ചിരിക്കുന്നത്. ഖനനം പ്രവർത്തനങ്ങൾ തടയുന്നതിൽ ഈ നിയമം ദുർബലമായിത്തീർന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും അനുബന്ധ ആവശ്യങ്ങളും സംരക്ഷിക്കുന്നതിന് സഹായകമല്ലാതെയാവുകയും ചെയ്തു. തീരമിടിയുന്നതിന് പരിഹാരമായി നിരത്തിയിരിക്കുന്ന കടൽഭിത്തിയും തീരപരിസ്ഥിതിക്ക് ഒട്ടും അനുഗുണമല്ല. ശക്തമായ തിരമാലകൾ കരിങ്കല്ലുകൾക്കിടയിലൂടെ കരയിലെ മണൽ കൊണ്ടുപോവുകയും കരിങ്കൽഭിത്തി ഇടിയുകയും ചെയ്യുന്ന സംഭവങ്ങൾ ഇവിടെ പതിവാണ്. കരിങ്കല്ലുള്ളതിനാൽ കടലിലേക്ക് പോകുന്ന മണൽ തിരികെ കടലിന് തിരികെ നിക്ഷേപിക്കുന്നതിനുള്ള സാധ്യതകൾ അടഞ്ഞുപോവുകയും ചെയ്യുന്നു.

ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതി-സാമൂഹിക പ്രശ്നങ്ങൾ കണക്കിലെടുക്കാതെ ഖനനം തുടരാൻ പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും അനുവദിക്കാൻ പാടില്ലെന്ന നിലപാടാണ് തീരദേശത്തെ ജനകീയ സംഘടനകൾ മുന്നോട്ട് വയ്ക്കുന്നത്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് നിലവിൽ 3000ൽ താഴെ തൊഴിലാളികൾ മാത്രമാണ് ജോലിചെയ്യുന്നത്. അവരിൽ തദ്ദേശീയർ വളരെക്കുറവാണ്. പ്രതിഷേധങ്ങളെ ഒതുക്കുന്നതിനായി കമ്പനി നിയമിച്ച പല തദ്ദേശീയരും ഇപ്പോഴും താത്കാലിക തൊഴിലാളികളായി തുടരുകയാണ്. സ്വകാര്യകമ്പനി ഈ മേഖലയിലേക്ക് വന്നാലും സൃഷ്ടിക്കാൻ പോകുന്ന തൊഴിലിന്റെ എണ്ണം ആയിരത്തിൽ അധികം വരില്ല എന്നാണ് കണക്കിലാക്കപ്പെടുന്നത്. പാരിസ്ഥിതിക തകർച്ച കാരണമുണ്ടായ തൊഴിൽ നഷ്ടങ്ങളുടെ കണക്കെടുത്താൽ ഉറപ്പായും അതിലേറെ വരും. ഗ്രാമം തന്നെ കടലെടുത്തുപോകുമെന്ന സ്ഥിതിയിൽ പിന്നെ തൊഴിലിനെക്കുറിച്ചുള്ള ആകുലതകൾക്ക് എന്ത് സ്ഥാനം? പിന്നെപ്പറയുന്ന വാദം, ഗൾഫിലെ എണ്ണ നിക്ഷേപത്തേക്കാൾ സമ്പന്നമായ കരിമണലിന്റെ വ്യാവസായിക സാധ്യാതകൾ രാജ്യതാത്പര്യത്തിനായി ഉപയോഗിക്കണമെന്നതാണ്. രാജ്യം സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിന്റെ ഫലമെന്താണെന്ന് ഇനിയും തിരിച്ചറിയാൻ കഴിയാത്ത നിസ്സഹായരായ ജനതക്ക് മുന്നിൽ ആ വാദവും വിലപ്പോകാനിടയില്ല. കരിമണലിന്റെ മേലുള്ള താത്പര്യങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ വസ്തുതകളെക്കുറിച്ചുള്ള സമഗ്രമായ ഒരന്വേഷണത്തിനുള്ള ശ്രമം തുടങ്ങേണ്ടതുണ്ട്.

അരയൻമാരുടെ ഇടയിൽ ഉണ്ടെന്ന് പറയപ്പെടുന്ന അന്ധവിശ്വാസങ്ങളെ യാഥാർത്ഥീകരിച്ചുകൊണ്ട് സമുദായം നേരിടുന്ന സാമൂഹികാനീതികളിൽ നിന്നും ശ്രദ്ധതിരിക്കുകയാണ് തകഴിയുടെ ചെമ്മീൻ ചെയ്തതെന്ന് വിമർശിച്ച വേലുക്കുട്ടി അരയന്റെ കാലത്തുണ്ടായിരുന്ന ദുഃഖകരമായ പരിതോവസ്ഥകളിൽ തന്നെയാണ് ഇപ്പോഴും തീരദേശ ജനത. മരണത്തെ ഓർമ്മിക്കുന്ന വാളുകൾ ഇനിയും അവരുടെ തലയ്ക്ക് മേൽ തൂങ്ങാൻ പോവുകയാണോ? ■

സ്വകാര്യകമ്പനി ഈ മേഖലയിലേക്ക് വന്നാലും സൃഷ്ടിക്കാൻ പോകുന്ന തൊഴിലിന്റെ എണ്ണം ആയിരത്തിൽ അധികം വരില്ല എന്നാണ് കണക്കിലാക്കപ്പെടുന്നത്. പാരിസ്ഥിതിക തകർച്ച കാരണമുണ്ടായ തൊഴിൽ നഷ്ടങ്ങളുടെ കണക്കെടുത്താൽ ഉറപ്പായും അതിലേറെ വരും. ഗ്രാമം തന്നെ കടലെടുത്ത് പോകുമെന്ന സ്ഥിതിയിൽ പിന്നെ തൊഴിലിനെക്കുറിച്ചുള്ള ആകുലതകൾക്ക് എന്ത് സ്ഥാനം?